ഗവ.ഹയർ സെക്കണ്ടറി സ്കൂൾ പ്രാപ്പോയിൽ
പ്രാപ്പോയിൽ പി.ഒ, 670 511,കണ്ണൂർ ജില്ല
ഫോൺ : 04985232263
E-mail : ghsprapoil@gmail.com

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

സ്കൂളിന്റെ പേര് : ജി.എച്ച്.എസ്.എസ്. പ്രാപ്പൊയിൽ

റവന്യൂ ജില്ല : കണ്ണൂർ

വിദ്യാഭ്യാസ ജില്ല : തളിപ്പറമ്പ

സബ്ജില്ല : പയ്യന്നൂർ

സ്കൂൾ കോഡ്' :13096

മേൽവിലാസം' : പ്രാപ്പൊയിൽ PO,ചെറുപുഴ വഴി 670511

ഇമെയിൽ :ghsprapoil@gmail.com

ഗ്രാമപഞ്ചായത്ത് : ചെറുപുഴ

ക്ലാസ്സുകൾ : പ്രി പ്രൈമറി മുതൽ+2 വരെ

പഠനമാധ്യമം' : ഇംഗ്ലീഷ് മലയാളം

മാനേജ്മെന്റ്' : ഗവൺമെന്റ്

കണ്ണൂർ ജില്ലയുടെ വടക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന ചെറുപുഴ ഗ്രാമപഞ്ചായത്തിലാണ് പ്രാപ്പൊയിൽ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ സ്ഥിതി ചെയ്യുന്നത്.

എസ്എസ്എൽസി പ്ലസ് ടു പരീക്ഷകളിൽ തുടർച്ചയായി ഉന്നത വിജയം നേടുന്ന വിദ്യാലയമാണിത് കായിക രംഗത്തും ജില്ലാ സബ്ജില്ലാതലങ്ങളിലും ദേശീയ സംസ്ഥാന തലങ്ങളിലും മികവാർന്ന വിജയം കരസ്ഥമാക്കിയ വിദ്യാലയം പയ്യന്നൂർ സബ് ജില്ലയിലെ അംഗീകൃത പ്രീ പ്രൈമറി ഉള്ളതും ഈ വിദ്യാലയത്തിലാണ്അക്കാദമിക കായിക രംഗത്തെ മികവിനു കാരണം 'ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചിട്ടുള്ള പ്രവർത്തനങ്ങളും ആണ് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കി കൊണ്ട് കായിക അക്കാദമിക കലാരംഗങ്ങളിൽ മികവ് വർധിപ്പിക്കാൻ സ്കൂളിനു കഴിഞ്ഞിട്ടുണ്ട്

കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് പ്രാപ്തരാക്കാൻ ഉള്ള സാഹചര്യം ഒരുക്കുന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് ഉൾച്ചേർന്ന വിദ്യാഭ്യാസം നൽകുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നൽകുന്ന സ്കൂൾ തന്നെ പാഠപുസ്തകം എന്ന വിശാലമായ ആശയം ഇവിടെ സ്വാർത്ഥകമാക്കുന്നു

ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ചരിത്രം

1953 താൽക്കാലിക കെട്ടിടത്തിൽ ശ്രീ വയനാട്ടുകുലവൻ ക്ഷേത്രസംഘം എന്ന പേരിൽ ആരംഭിച്ച ഈ വിദ്യാലയം 1980 സർക്കാർ ഏറ്റെടുത്ത് ഹൈസ്കൂൾ ആയി 2007 ഹയർസെക്കൻഡറി ആയും ഉയർത്തപ്പെട്ടു 2010 മുതൽ സർക്കാർ അംഗീകൃത പ്രീ പ്രൈമറി ആരംഭിച്ചു കഴിഞ്ഞ എട്ട് വർഷങ്ങളായിSSLC ക്ക് നൂറുശതമാനം വിജയവും ഹയർ സെക്കൻററിയിൽ ഉന്നത വിജയവും കരസ്ഥമാക്കി ഈ വിദ്യാലയം മുന്നേറുന്നു

2017 18 മുതൽ സബ് ജില്ലാ കായികമേളയിൽ ചാമ്പ്യൻ പട്ടവും ജില്ലയിൽ രണ്ടാം സ്ഥാനവും നേടുവാൻ കഴിഞ്ഞിട്ടുണ്ട്

ടെന്നി ക്വയറ്റ് വടം വലി തുടങ്ങിയ ഗെയിംസ് ഇനങ്ങളിൽ സംസ്ഥാന ദേശീയ തലങ്ങളിൽ നമ്മുടെ സ്കൂൾ മുന്നിട്ടു നിൽക്കുന്നുഗവൺമെൻറ് ഹയർ സെക്കൻററി സ്കൂൾ പ്രാപ്പൊയിൽ ഇന്ന്

2025 26 അധ്യായന വർഷം പ്രീ പ്രൈമറി മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഇംഗ്ലീഷ് മലയാളം മീഡിയങ്ങളിലായി ആയിരത്തോളം കുട്ടികൾ പഠിക്കുന്നുണ്ട് ഹയർസെക്കൻഡറിയിൽ 17 അധ്യാപകരും ഹൈസ്കൂൾ വിഭാഗത്തിൽ 33 അധ്യാപ കരും 5 അധ്യാപകരും ഉണ്ട് റോബോട്ടിക് സാങ്കേതികവിദ്യയ്ക്ക് മുൻതൂക്കം നൽകുന്ന തിങ്കറിംഗ് ലാബ് സ്കൂളിൽ പ്രവർത്തിക്കുന്നു

## അക്കാദമിക നേട്ടങ്ങൾ

എൽഎസ്എസ് സ്കോളർഷിപ്പുകളിൽ മികച്ച വിജയം നേടുവാൻ കഴിഞ്ഞിട്ടുണ്ട് എസ്എസ്എൽസി പരീക്ഷയിൽ 100% വിജയവും 13 ഫുൾ എ പ്ലസ് നേടിയിട്ടുണ്ട് കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർധിപ്പിക്കുന്നതിന് ഉള്ള പ്രവർത്തനങ്ങളിലൂടെ പഠിക്കാൻ ഒരുക്കുന്ന രീതിയിൽ പരിശീലനം നൽകുന്നു എസ് പി സി ,സ്കൗട്ട് ,ജെ ആർ സി ,ഗൈഡ്സ് ,ലിറ്റിൽ കൈറ്റ്സ് ,ബണ്ണീസ് തുടങ്ങിയ വൈവിധ്യമാർന്ന സംഘടനകളിലൂടെ സേവനമനോഭാവംവർധിപ്പിക്കാൻ കഴിയുന്നു

## പരിമിതികൾ

എല്ലാ ക്ലാസ് മുറികളും ഹൈടെക് നിലവാരത്തിലേക്ക് ഉയർന്നില്ല എന്നത് പരിമിതിയാണ് ഗണിത ലാബ് സാമൂഹ്യശാസ്ത്ര ലാബ് സയൻസ് ലാബ് എന്നിവ ഹൈസ്കൂളിന് പ്രത്യേകമായി ഇല്ല ഐടി പഠനം സാധ്യമാക്കുന്നതിന് മതിയായ കമ്പ്യൂട്ടറുകൾ ഇല്ല

## ഭൗതിക നേട്ടങ്ങൾ

കുട്ടികൾക്ക് വായിക്കാൻ ആവശ്യമായ ലൈബ്രറി ഒരുക്കി വിശാലമായ ഓപ്പൺ ഓഡിറ്റോറിയത്തിൽ പണി ഉടനെ ആരംഭിക്കും ശാരീരികമായി ഉണ്ടാകുന്ന അവശതകൾക്കും മറ്റും വിശ്രമിക്കാൻ ആവശ്യമായ ഗേൾസ് റസ്റ്റ് റൂം ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടും ഒരുക്കി.ഭൗതിക പരിമിതികൾ എൽ പി യു പി ക്ലാസിലെ കുട്ടികൾക്ക് പഠനം

നടത്തുന്നതിന് ആവശ്യമായ അടച്ചുറപ്പുള്ള ക്ലാസ് മുറികൾ നിലവിലില്ല കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിന് ആവശ്യമായ ഭോജനശാല നിലവിലില്ല വിശാലമായ കളിസ്ഥലമില്ല സ്റ്റേഡിയം എന്നിവ നിലവിലില്ല

.സാമൂഹിക നേട്ടങ്ങൾ സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ സമൂഹമായി സ്കൂളിനെ ബന്ധിപ്പിക്കാൻ സഹായിക്കുന്നു മികച്ച പിടിഎ എംപിടിഎ എസ് എം സി എന്നിവയുടെ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമാണ്.സാമൂഹിക പരിമിതികൾ പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ട് പഠനസമയത്തുള്ള പല പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ കഴിയുന്നില്ല

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & SS
7. പ്രതിഭാപോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യപാർക്ക് - ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾ പത്രം, മാസിക
13. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശില്പശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. രക്തഗ്രൂപ്പ് നിർണയം
20. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
21. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
22. ഭാഷാ ലാബ്

23. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ

24. ഗവേഷണാത്മക പഠനം

25. കായികശേഷി വികസനം

26. വിലയിരുത്തൽ കാര്യക്ഷമമാക്കൽ

27. ചോദ്യപേപ്പർ ശില്പശാല

28. ഐ.ടി.പഠനം - കാര്യക്ഷമമാക്കൽ

29. ജന്മദിന പുസ്തകം

30. ചിത്രരചനാ ക്യാമ്പ്

31. ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT, പ്രവൃത്തി പരിചയ മേളകൾ

32. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

## പ്രവർത്തനം - വിശദാംശങ്ങൾ

| ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം<br>പ്രവർത്തനം 1 - ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | 1).ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ.<br><br>2). ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ<br><br>3). ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല<br><br>4). ഇംഗ്ലീഷിൽ ഡയറി എഴുത്ത് - ഓരോ കുട്ടിയും. | എല്ലാ ക്ലാസ്സും<br><br>ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക്<br><br>ആഴ്ചയിൽ ഒരു ദിവസം<br><br>എല്ലാ ദിവസവും - തുടർച്ചയായി | ബന്ധപ്പെട്ട ടീച്ചർ<br><br>ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി, ക്ലാസ് ടീച്ചർ ഇൻചാർജ്<br><br>ക്ലാസ് ടീച്ചർ<br><br>ഇംഗ്ലീഷ് അധ്യാപകർ | |

| ഉപമേഖല: ഇംഗ്ലീഷ്<br>പ്രവർത്തനം: 2 ഇംഗ്ലീഷ് തിയറ്റർ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | 1). ഇംഗ്ലീഷ് കഥ, കവിത - രചനാ ക്യാമ്പ്. ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ - (CPTAകാണിക്കൽ). | 3 മാസത്തിൽ ഒരിക്കൽ - 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | 2000/പി.ടി.എ. പ്രാദേശിക സഹായം |

| | | | | |
|---|---|---|---|---|
| | 2). പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം. സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ. | മാസത്തിൽ ഒരിക്കൽ. | ഇംഗ്ലീഷ് ടീച്ചർ, ക്ലബ്ബ് സെക്രട്ടറി | 2000/പി.ടി.എ |
| | 3). ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| | 4). ഇംഗ്ലീഷ് സിനിമാ പ്രവർത്തനം. | 2 മാസത്തിൽ | ഇംഗ്ലീഷ് ക്ലബ്ബ് ഇൻചാർജ് | പി.ടി.എ |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധിക സമയം കണ്ടെത്തി (9 to 10, 4 to 5) വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | ഇംഗ്ലീഷ് ടീച്ചർ<br>ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ 1000/for Refreshment |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ - വായനാകുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | - |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ. | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | - |

## ഉപമേഖല - മലയാളം
### പ്രവർത്തനം 1 - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1). എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1). അക്ഷരം ഉറപ്പിക്കൽ<br>2).ചിഹ്നം ഉറപ്പിക്കൽ<br>3). പദ നിർമ്മാണം<br>4).വാക്യനിർമ്മാണം<br>5). ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം 1 വർഷ ക്കാലം | മലയാളം ടീച്ചർ, SRG | PTA, Dept. |
| 2).എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനാ ക്കൂട്ടം രൂപീകരിക്കൽ.<br>2.ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തകവർഷം<br>4.ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>5. വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസ്സിലെയും വായനാ ലക്ഷ്യം തീരുമാനിക്കൽ)<br>6. സ്കൂൾ ലൈബ്രറി നവീകരണം<br>7.റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>8.വായനോത്സവം<br>9.ജന്മദിന പുസ്തകം<br>10.പത്രവായന | 6 മാസം- 1 വർഷം<br><br>ആവശ്യമനുസരിച്ച്<br><br>3 മാസം<br><br>6 മാസം-1 വർഷം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ<br><br>മലയാളം അധ്യാപകർ, SRG<br><br>മലയാളം ടീച്ചർ | PTA<br><br>PTA 10,00,000/-<br><br>-<br>-<br>- |

**ഉപമേഖല:**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക/ പിന്തുണ |
|---|---|---|---|---|
| 1.പത്രവായന പരിപോഷിപ്പിക്കുക | പത്രവായന - പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ. | 3 മാസം | വിദ്യാരംഗം ഇൻ ചാർജ് | PTA |
| | ഓരോ ക്ലാസിനും ഓരോ പത്രം. | | " | |
| | രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം | ദിവസേന | | PTA |
| | പത്ര ക്വിസ് | ആഴ്ചയിൽ ഒരു ദിവസം | മലയാളം അധ്യാപകർ | |
| 2.സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ | | | |
| | സാഹിത്യക്വിസ്- രചനാ ശില്പശാല (കവിത,കഥ) | വർഷത്തിൽ 1 തവണ | SRG | PTA |
| | കവിതാലാപന മത്സരം | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | ക്ലാസ്‌തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ | മാസത്തിൽ 1 തവണ<br>6 മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം SRG | PTA 15000/- Sponsorship |
| | പുസ്തകചർച്ച, പുസ്തകാസ്വാദനം | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | ഇ-വായന | | | |
| | സാഹിത്യകാരനുമായി സംവദിക്കൽ | വർഷത്തിൽ 1 തവണ | വിദ്യാരംഗം SRG | PTA |
| | അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വശം) | ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം | |

## ഹിന്ദി

### മേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉ ാക്കുക. | 1). ഹിന്ദി ന്യൂസ് പേപ്പർ വായിക്കാനുള്ള സൗകര്യം ഒരുക്കുക. | | ഹിന്ദി ടീച്ചർ | പി.ടി.എ. സ്പോൺസർഷിപ്പ് |
| | 2).ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക. | 2 മാസം | | |
| | 3).ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക. | | ഹിന്ദി ടീച്ചർ | |
| | 4).ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക | ആവശ്യമനുസരിച്ച് | SRG, ഹിന്ദി ടീച്ചർ | |
| | 5).ഹിന്ദി നാടകം നടത്തുക. | | ഹിന്ദി ടീച്ചർ | |
| | 6). കുട്ടികളെ കൊ ് ചെറുചെറു വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | | ഹിന്ദി ടീച്ചർ | |
| | 7). ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിപോഷിപ്പിക്കുക. | | | |

## ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1) ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക | ലാബ് സജ്ജീകരണം - അവധിക്കാലത്ത്. | പി.ടി.എ, ഗണിത ടീച്ചർ | 2,00,000/- |
| | 2). ജാമ്യതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് ഗണിതപാർക്ക് സജ്ജീകരിക്കൽ. | ജൂൺ-ജൂലായ് | പി.ടി.എ, ഗണിത ടീച്ചർ | 2000/- പി.ടി.എ. |
| 2. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1). വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ 1 മാസം | ഗണിത ടീച്ചർ | പി.ടി.എ. |
| | 2). ക്ലാസ്സിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ 1 മാസം | ഗണിത ടീച്ചർ | - |
| 3. ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിതക്ലിനിക്ക്. | 1 വർഷം | ഗണിത ടീച്ചർ, ഗണിത ക്ലബ്ബ് | - |

**ഉപമേഖല: പരിസ്ഥിതി സംരക്ഷണം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ജൈവ വൈവിധ്യപാർക്ക് വിപുലപ്പെടുത്തൽ, ജൈവ പന്തലൊരുക്കൽ. | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ, വള്ളിപ്പടർപ്പുകൽ കൊ ് ജൈവ പന്തലൊരുക്കൽ. | 3 മാസം | ഇക്കോക്ലബ് / എൻ.എ സ്.എസ്. | പി.ടി.എ. 2000 |
| 2.സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം വിപുലപ്പെടുത്തൽ. | ഔഷധസസ്യങ്ങളെയും ഔഷധസസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധത്തോട്ടം വിപുലപ്പെടുത്തൽ എല്ലാ സസ്യങ്ങൾക്കും നാമകരണം. | 3 മാസം | ഇക്കോക്ലബ് / എൻ.എ സ്.എസ്. | പി.ടി.എ. 2000 |
| 3.ജൈവവൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൈവ വൈവിധ്യ രജിസ്റ്റർ ശാസ്ത്ര പഠനത്തിന് ഉപയോഗപ്പെടുത്തി നേർ അനുഭവം ഉറപ്പുവരുത്തൽ. | 3 മാസം | ഇക്കോക്ലബ് / എൻ.എ സ്.എസ്. | - |
| 4.നാട്ടുമാവ് സംരക്ഷണം | സ്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് പൂർണ്ണസംരക്ഷണമൊരുക്കൽ | എല്ലാ ദിവസവും | ഇക്കോക്ലബ് | - |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 5 ലക്ഷം MLA/MPഫ |
| 2.പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി<br>കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 3. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | |
| 4.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ. | 3 മാസം | SRG, സയൻസ് ടീച്ചർ | 1000/- PTA |
| 5.മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ | 2500/- PTA |

| ഉപമേഖല: ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വേ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. **ശാസ്ത്രലാബ് നവീകരണം** ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്. കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | - |

**മേഖല - അക്കാദമികം - സാമൂഹികം**
**ഉപമേഖല: CPTA ശക്തിപ്പെടുത്തൽ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലും | CPTA യോഗം കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠനതെളിവുകൾ, എത്താതെ പോയ പഠനനേട്ടം തുടങ്ങിയവയുടെ അവതരണം CPTA യിൽ. | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | SRG, ക്ലാസ് ടീച്ചർ | - |

**മേഖല - അക്കാദമികം - സാമൂഹികം**
**ഉപമേഖല: പ്രാദേശിക പി.ടി.എ (കോർണർ പി.ടി.എ)**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രാദേശിക പി.ടി.എ. രൂപീകരിക്കലും അക്കാദമിക കാര്യങ്ങൾ പങ്കുവെക്കലും സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹപങ്കാളിത്തം ഉറപ്പുവരുത്തലും | SSLCക്ക് മികച്ച വിജയം നേടുന്നതിന് 10-ാംതരം വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ മേഖലകളായി തിരിച്ച് പ്രാദേശിക പി.ടി.എ.യോഗങ്ങൾ ചേരൽ | വർഷത്തിൽ 3 പ്രാവശ്യം തുടക്കത്തിലും ഡിസംബർ ജനുവരി മാസങ്ങളിലും | PTA, SRG | PTA 5000 for Refreshment |

| ഉപമേഖല - സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
| സാമൂഹ്യ ശാസ്ത്ര-നൂതന അറിവുകൾ- കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S. കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ. | എല്ലാ ദിവസവും ഒരു വർഷം | S.S.ക്ലബ്ബ് | - |

| ഉപമേഖല - പഠനയാത്രകൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്ര കലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | S.S.ടീച്ചേർസ് | PTA |

| ഉപമേഖല - സംവാദം, സെമിനാർ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം. പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതൽ അറിയാൻ) | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | SRG, S.S.Club | ജനപ്രതിനിധികൾ, 10,000/- PTA |

**ഉപമേഖല - ആരോഗ്യമുള്ള ശരീരം,മനസ്സ് രൂപപ്പെടുത്തൽ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ, വിദ്യാഭ്യാസം ഫലപ്രദമാക്കൽ | 1. കരാട്ടെ, തെയ്ക്കോമ ാ, കളരിപ്പയറ്റ്, പൂരക്കളി തുടങ്ങിയവയിൽ പരിശീലനം. | ആഴ്ചയിൽ എല്ലാ ദിവസവും വൈകീട്ട് (പ്രവൃത്തി ദിനങ്ങളിൽ) 3 മാസം | കായികാധ്യാപകൻ | 25,000/- വിദ്യാഭ്യാസ വകുപ്പ് |
| | 2.സ്വയം പ്രതിരോധം പെൺകുട്ടികൾക്ക് മേൽപ്പറഞ്ഞവയിൽ പെൺകുട്ടികൾക്ക് പരിശീലനം (പൂരക്കളി ഒഴികെ) | ആഴ്ചയിൽ പ്രവൃത്തി ദിനങ്ങളിൽ വൈകീട്ട് 4 to 5 മണി 3 മാസം | കായികാധ്യാപകൻ | 25,000/- വിദ്യാഭ്യാസ വകുപ്പ് |

**ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ പരിശീലനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | NMMS ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ടീച്ചർ | - |

# ഉറുദു അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

2025-26 -ലെ പ്രവർത്തന കലണ്ടർ

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | e - ദുനിയ ഉറുദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉറുദു ടൈപ്പിംഗ് പരിശീലനം. വായന കാർഡ് തയ്യാറാക്കൽ. | ഒരു വർഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺസിൽ | 1000 | എച്ച്. എം സബ്ജക്ട് കൗൺസിൽ |
| 2 | ഡിജിറ്റൽ മാഗസിൻ | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 3000 | എച്ച്. എം സബ്ജക്ട് കൗൺസിൽ |
| 3 | വായന ആസ്വാദനം | പുസ്തക ചർച്ച ക്വിസ് മത്സരം | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്. എം സബ്ജക്ട് കൗൺസിൽ |
| 4 | ഉർദുദിനം | ടാലന്റ് മീറ്റ് അക്ഷര മരം എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്. എം സബ്ജക്ട് കൗൺസിൽ |
| 5 | ദിനാചരണങ്ങൾ | ഭാഷ ശേഷി വളർത്തുന്നതിന് ഉതകുന്ന രീതിയിൽ വിവിധ ദിനാചരണങ്ങൾ പരിപാടികൾ സംഘടിപ്പിക്കുക | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്. എം സബ്ജക്ട് കൗൺസിൽ |
| 6 | തലാഷ് | പ്രാദേശിക പഠനയാത്രകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച്. എം സബ്ജക്ട് കൗൺസിൽ |
| 7 | പൊതുവിജ്ഞാനം | പൊതുവായതും ഉറുദുവിൽ ഉള്ളതുമായ പൊതു വിജ്ഞാനം കുട്ടികളെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 500 | എച്ച്. എം സബ്ജക്ട് കൗൺസിൽ |
| 8 | മുശാഇറ | ഗസലിനെയും സംഗീതവാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ പ്രോഗ്രാമുകളും സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്. എം സബ്ജക്ട് കൗൺസിൽ |

| ഉപമേഖല: കായിക വിദ്യാഭ്യാസം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേക്കെത്തിക്കൽ | എല്ലാ ദിവസവും രാവിലെയും വൈകീട്ടും അവധി ദിവസങ്ങളിലും 1 വർഷം | കായികാധ്യാപകൻ | പി.ടി.എ., 50,000/- |
| | എ).ഫുട്ബോൾ ഡെ ബോർഡിംഗ് പരിശാലനം. രാവിലെയും വൈകീട്ടും 30 ആൺ കുട്ടികൾക്കും 50 പെൺകുട്ടികൾക്കും ക്ലാസ് സമയത്തിന് മുമ്പും പിമ്പും പരിശീലനം | 1 വർഷക്കാലം | കായികാധ്യാപകൻ | - |

## ഉപമേഖല: പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉ ാക്കൽ. ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ. | 1 വർഷത്തിൽ 1 മാസം | SRG | 10,000/- തദ്ദേശ സ്വയംഭരണ സ്ഥാപനം |

## ഉപമേഖല: കലാരംഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാമികവുള്ളവർക്ക് പരിശീലനം | ഉപകരണ സംഗീതത്തിലും മറ്റ് കലാവാസനകളും ഉള്ള കുട്ടികൾക്ക് വിദഗ്ദരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ. | ആഴ്ചയിൽ 2 ദിവസം 1 വർഷം | SRG | PTA 10,000/- |

## ഉപമേഖല: ORC

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിന് ORC ട്രെയിനിംഗ് സഹവാസ ക്യാമ്പുകൾ | ORC ട്രെയിനിംഗിന്റെ ഭാഗമായി സഹവാസ ക്യാമ്പുകളും ട്രെയിനിംഗ് ക്ലാസ്സുകളും. | 6 മാസത്തിൽ ഒരിക്കൽ | ORC,Nodel Teacher | 50,000/- സാമൂഹ്യ നീതി വകുപ്പ് |

## ഉപമേഖല: സ്വയം തൊഴിൽ നൈപുണി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പെൺകുട്ടികൾക്ക് സ്വയം തൊഴിൽ പരിശീലനം | നിർധനരായ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് സ്വയം തൊഴിൽ നൈപുണി വികസനത്തിന്റെ ഭാഗമായി സൗജന്യ തുന്നൽ പരിശീലനം. | ആഴ്ചയിൽ 3 ദിവസം വൈകുന്നേരം. 2 വർഷം | സീനിയർ അസിസ്റ്റന്റ് | പി.ടി.എ. 1 വർഷം 40,000/- |

## ഉപമേഖല : ഹൈടെക് ക്ലാസ് മുറികൾ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിൽ ഹൈടെക് ആക്കാൻ ബാക്കിയുള്ള റൂമുകൾ ഹൈടെക് ആക്കൽ | പൂർവ്വവിദ്യാർത്ഥികൾ ജനപ്രതിനിധികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ ബാക്കിയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനം | പി.ടി.എ | 6 മാസം | ജനപ്രതിനിധികൾ<br>പൂർവ്വവിദ്യാർത്ഥികൾ<br>10,00,000/- |

# ഉപമേഖല : കൗൺസിലിങ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ് നൽകൽ. നല്ല വ്യക്തിത്വമുള്ളവരാക്കൽ. | •ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.<br>•ഗൃഹസന്ദർശനം, അഭിമുഖം, നിരീക്ഷണം, പ്രശ്നപരിഹരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ. ഇൻഡിവിഡ്വൽ കൗൺസിലിങ്, ഗ്രൂപ്പ് കൗൺസിലിങ്. | കൗൺസിലിങ് ടീച്ചർ | ജൂണിൽ തുടങ്ങി എല്ലാ ദിവസവും | |

## ഉപമേഖല : കായിക മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ.<br>•കായിക മത്സരങ്ങളിൽ മികവിലേക്കെത്തിക്കൽ | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഫുട്ബോൾ, വോളിബോൾ തുടങ്ങിയ കളികളിൽ പരിശീലനം നൽകൽ. സംസ്ഥാനതല, ദേശീയ തല മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകൽ | കായികാധ്യാപകൻ | ജൂൺ മുതൽ എല്ലാ ദിവസവും 2 വർഷം | പി.ടി.എ.,<br>ഡെ ബോർഡിംഗ് സ്കീം |

# ഉപമേഖല : കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗ വാസനകളെ പരി പോഷിപ്പിക്കൽ. | •കുട്ടികളുടെ സർഗ വാസനകൾ ക ത്തുകയും അവ പരി പോഷിപ്പിക്കുകയും ചെയ്യുക.<br>•സംഗീതം, നൃത്തം, അഭിനയം, കഥാരച ന, കവിരചന, കവി താലാപനം, ഉപക രണ സംഗീതം തുട ങ്ങി വ്യത്യസ്തങ്ങ ളായ കഴിവുകളുള്ള കുട്ടികളെ ക ത്തി അവരുടെ സർഗവാ സനകൾ പരിപോഷി പ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ. | കലാധ്യാപ കർ, എസ്.ആർ.ജ ി | 2019 ജൂൺ മുതൽ 2 വർഷം | പി.ടി.എ. 1,00,000/- |

## ഉപമേഖല : സ്വയം പ്രതിരോധശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| പെൺകുട്ടികളിൽ സ്വയം പ്രതിരോധ ശേഷി വർദ്ധിപ്പിക്കൽ | കുട്ടികൾക്ക് കരാട്ടേ, തെയ്ക്കോണ്ടോ, കളരി തുടങ്ങിയവയിൽ പരിശീലനം നൽകി സ്വയം പ്രതിരോധത്തിന് ശേഷി വർദ്ധിപ്പിക്കൽ | കായികാധ്യാപകൻ | ആഴ്ചയിൽ 1 ദിവസം 1 വർഷം | പി.ടി.എ 20,000/- |